"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കരാറടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന സി.ഡി.എസ്. അക്കൗണ്ടന്റുമാർക്ക് അനുവദിക്കാവുന്ന പരമാവധി പ്രതിമാസ വേതനം 01.04.2026 തീയതി പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.71/2026/LSGD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-

1. 14/01/2026-ലെ സ.ഉ.(കൈ) നം.24/2026/തസ്വഭവ
2. 19/04/2025-ലെ സ.ഉ.(പി) നം.54/2025/ധന
3. 18/02/2026-ലെ സ.ഉ.(പി) നം.24/2026/ധന
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11/02/2026-ലെ KSHO/266/2026-M1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ നിലവിലുള്ള അടിസ്ഥാന വേതനം ഉത്തരവ് തീയതി പ്രാബല്യത്തിൽ 17,000/- രൂപയായി വർദ്ധിപ്പിച്ചും 2017 മുതൽ നാളിതുവരെ അനുവദിച്ചിട്ടുള്ള വാർഷിക ഇൻസന്റീവ് കൂടി ചേർത്ത് നിലവിലെ വേതനം നിശ്ചയിക്കുന്നതിനും, പരമാവധി പ്രതിമാസ വേതനം 22,240/- രൂപയായി നിജപ്പെടുത്തുന്നതിനും, വേതനം 22,240 രൂപ/- ആകുന്നതു വരെ 750/- രൂപ വാർഷിക ഇൻസന്റീവ് തുടർന്നും അനുവദിക്കുന്നതിനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ പരമാവധി പ്രതിമാസ വേതനം 24,000/- രൂപയായി നിജപ്പെടുത്തണമെന്ന് പരാമർശം (4) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ഉത്തരവിലെ കാറ്റഗറി-III-ൽ ഉൾപ്പെട്ട ജീവനക്കാർക്ക് അനുവദിക്കാവുന്ന പ്രതിമാസ വേതനമായ 22,240/- രൂപ പരാമർശം (3) പ്രകാരം 23,360/- രൂപയായി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാർക്ക് അനുവദിക്കാവുന്ന പരമാവധി പ്രതിമാസ വേതനം 01.04.2026 തീയതി പ്രാബല്യത്തിൽ 23,360/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

4. മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)
എല്ലാ കോർപറേഷൻ/മുനിസിപ്പൽ/ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/355/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 06-03-2026 14:27:09
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു: തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസിന്
തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി എക്ക്